**അഡ്വൈസ് മെമ്മോ നൽകരുതെന്ന അഭ്യർത്ഥന**

**18 (762)** ശ്രീ. പി. എസ്. സുപാൽ :
ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒഴിവുകളുണ്ടെങ്കിലും ഉദ്യോഗാർത്ഥികൾക്ക് അഡ്വൈസ്മെമ്മോ നൽകരുതെന്ന് വകുപ്പുതലവൻമാർ കത്തുകളും അഭ്യർത്ഥനയും പി.എസ്.സി. ക്ക് നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ ;

(ബി) ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം വകുപ്പു തലവൻമാർ പി.എസ്.സി. ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത ഒഴിവുകളിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

**പബ്ലിക് സർവ്വീസ് കമ്മീഷൻ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി**

**19 (763)** ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പി.എസ്.സി. യുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) സമയബന്ധിതമായി പരീക്ഷകൾ നടത്തുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പി.എസ്.സി. യിൽ തീരുമാനമാകാതെ കെട്ടിക്കിടക്കുന്ന അപേക്ഷകൾ എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രയെന്ന് വ്യക്തമാക്കുമോ ; ഇതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ഇ) പി.എസ്.സി. അപേക്ഷാഫോറം പോസ്റ്റാഫീസുകൾവഴി വിതരണം ചെയ്യുന്നതിനുപകരം പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വഴി വിൽക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly